©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 7 / Vol. VII | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2018 ഫെബ്രുവരി 6 / 6th February 2018 | 1193 മകരം 23 / 23rd Makaram 1193 | 1939 മാഘം 17 / 17th Magha 1939 | നമ്പർ / No. 6

# PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

ദർഘാസ്/ലേല പരസ്യം

നമ്പർ എ.ഇ. (2) 60/2016. 2018 ജനുവരി 17.

കേരള ഗവർണ്ണർക്കുവേണ്ടി പത്തനംതിട്ട കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന ഉപയോഗപ്രദമല്ലാത്ത കെ. ബി. വി. 3948 ജീപ്പ് ഒരെണ്ണം ഇപ്പോഴത്തെ നിലയിലും അവസ്ഥയിലും ഈ ഓഫീസിൽ വച്ച് പരസ്യമായി ടെൻഡർ/ലേലം വഴി വിൽപന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നവർ കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് മുമ്പായി താഴെക്കാണുന്ന നിരക്കിൽ നിരതദ്രവ്യം ലേലസ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

നിരതദ്രവ്യം—` 10,000

മേൽപറഞ്ഞ വാഹനത്തിന് മുൻകൂട്ടി സീൽ ചെയ്ത ടെണ്ടറുകളും സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ നൽകാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസിൽ എഴുതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), പത്തനംതിട്ട, പന്തളം എന്ന് മുദ്രണം ചെയ്ത കവറിൽ 9-2-2018-ന് ഉച്ചയ്ക്ക് 2 മണിക്കുമുമ്പായി കിട്ടത്തക്കവിധം അയയ്ക്കേണ്ടതാണ്. ടെണ്ടറിനൊപ്പം മേൽപ്പറഞ്ഞ നിരതദ്രവ്യം ടി ഓഫീസിൽ കെട്ടിവച്ചതിന്റെ രസീതോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), പത്തനംതിട്ട, പന്തളം പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റോ ഉണ്ടായിരിക്കേണ്ടതാണ്. രസീതോ ഡ്രാഫ്റ്റോ ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കവറിനുമുകളിൽ കെ. ബി. വി. 3948 ജീപ്പിന്റെ ടെണ്ടർ എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ടെണ്ടറുകൾ 9-2-2018-ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് നടത്തുന്ന പരസ്യ ലേലത്തിനുശേഷം തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക കാണിക്കുന്നവർക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ടിയാൻ ഉടനെതന്നെ ലേലം/ടെണ്ടർ തുകയുടെ മൂന്നിലൊന്ന് സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വച്ച് തന്നെ അടയ്ക്കേണ്ടതും ബാക്കി തുക ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവുകിട്ടി 10 ദിവസത്തിനകം അടച്ച് വാഹനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്. മേൽ വാഹനത്തിന്റെ വിൽപന നിലവിലുള്ള മൂല്യവർദ്ധിത നികുതിക്ക് വിധേയമായിരിക്കും. മേൽ പ്രസ്താവിച്ച

നിബന്ധനകൾക്ക് വിപരീതമായി ലേലം/ടെണ്ടർ കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ലേലം/ടെണ്ടർ ചെയ്ത വാഹനം പുനർലേലം ചെയ്യുന്നതും ആയതിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലം/ടെണ്ടർ കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്. അഥവാ പുനർലേലത്തിൽ ലാഭമുണ്ടാവുകയാണെങ്കിൽ ടിയാന് ആയതിൽ യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം മടക്കികൊടുക്കുന്നതാണ്. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നവർ മേൽ പ്രസ്താവിച്ച നിബന്ധനകൾ പാലിക്കേണ്ടതാണ്. ലേലം ചെയ്യാനുള്ള വാഹനം എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുവാദത്തോടെ ഈ ഓഫീസിൽ വന്ന് പരിശോധിക്കാവുന്നതും കൂടുതൽ വിവരങ്ങൾ ശേഖരിക്കാവുന്നതുമാണ്. യാതൊരു കാരണവും കൂടാതെ ലേലത്തീയതി മാറ്റുന്നതിനും ലേലം നിർത്തിവയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ദർഘാസ് വ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമാണ്.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ ഓഫീസ്,
പത്തനംതിട്ട.

(ഒപ്പ്)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ (കൃഷി).